# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 67/2020 (വെള്ളിയാഴ്ച)** **തീയ്യതി:06.11.2020**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 07.11.2020 | 08.11.2020 | 09.11.2020 | 10.11.2020 | 11.11.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 2 | 0 | 15 | 0 | 0 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 66 | 66 | 66 | 66 | 66 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 10 | 12 | 12 | 10 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 50 | 50 | 50 | 70 | 70 |
| മേഘവ്യാപ്തി (ഒക്ട) | 5 | 4 | 8 | 2 | 3 |

ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴ പ്രതീക്ഷിക്കുന്നു. കൂടിയ താപനില 33 °C വരെ എത്താൻ സാധ്യത. ജില്ലയിൽ അടുത്ത രണ്ടു മൂന്നു ദിവസങ്ങളിൽ ഇടിമിന്നൽ സാധ്യത ഉള്ളതിനാൽ ജാഗ്രത പാലിക്കുക.

**പൊതു നിർദ്ദേശങ്ങൾ**: ജില്ലയിൽ മഴയിൽ ലഭ്യതക്കുറവ് അനുഭവപ്പെടുന്നതിനാൽ വിളകളിൽ പുതയിടൽ മാർഗ്ഗങ്ങൾ അവലംബിക്കുക. സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിക്കാത്ത വിധം ഓല, വൈക്കോൽ, തൊണ്ട് എന്നിവയുപയോഗിച്ചു മണ്ണിനെ പൊതിഞ്ഞു ജലസംരക്ഷണം ഉറപ്പുവരുത്തുക.

### കാർഷിക നിർദ്ദേശങ്ങൾ

| വിള | രോഗ കീടങ്ങൾ/ വിളപരിപാലനം | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | മുഞ്ഞ | നെൽപ്പാടങ്ങളിൽ മുഞ്ഞയുടെ ആക്രമണം കണ്ടുവരുന്നുണ്ട്. ആക്രമണം കുറയ്ക്കാനായി ഇടവിട്ട് വെള്ളം കയറ്റി ഇറക്കുക. ഒരു ഏക്കറിന് 75 കിലോഗ്രാം അറക്കപ്പൊടി, 3 ലിറ്റർ മണ്ണെണ്ണ അല്ലെങ്കിൽ എൻജിൻ ഓയിൽ എന്നിവയുടെ മിശ്രിതം പാടത്തു ഇട്ടുകൊടുക്കുക. അല്ലെങ്കിൽ ഒരു ഏക്കറിന് 60 കിലോഗ്രാം എന്ന കണക്കിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ അസഫേറ്റ് എന്ന കീടനാശിനി ഒരു ലിറ്ററിന് 1.6 ഗ്രാം എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| തെങ്ങ് | ചെന്നീരൊലിപ്പ് | തെങ്ങിൽ ഉണ്ടാകുന്ന ചെന്നീരൊലിപ്പ് രോഗം തടയുന്നതിനായി രോഗ ഭാഗങ്ങൾ വൃത്തിയാക്കി 5% വീര്യമുള്ള ഹെക്സാകൊണസോൾ ലായനി തേച്ചുകൊടുക്കുക. ഒപ്പം 2ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചുവട്ടിലും ഒഴിച്ച് കൊടുക്കുക. |
| വാഴ | മാണം അഴുകൽ | വാഴയിൽ മാണം അഴുകൽ രോഗം കണ്ടുവരുന്നുണ്ട്. പുറമെയുള്ള വാഴകൈകൾ കരിഞ്ഞുണങ്ങി പോകുന്നതാണ് ഇതിന്റെ പ്രധാന ലക്ഷണം. ഈ രോഗലക്ഷണം ശ്രദ്ധയിൽപ്പെട്ടാൽ 3 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി വാഴച്ചുവട്ടിൽ ഒഴിച്ച് കൊടുക്കുക. |
| പച്ചക്കറി | ചൂർണപൂപ്പ് | പച്ചക്കറികളിൽ ഉണ്ടാക്കാൻ സാധ്യതയുള്ള ചൂർണ്ണപൂപ്പു തടയുന്നതിനായി സൾഫർ 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| പയർ | നടീൽ | രണ്ടാം വിളയായി നെൽകൃഷി ചെയ്യാത്ത പാടങ്ങളിലും മറ്റു കൃഷിയിടങ്ങളിലും പയർ നടുന്നതിനു അനുയോജ്യമായ സമയമാണിത്. പയർ വിത്തുകൾ വെള്ളം അല്ലെങ്കിൽ തലേദിവസത്തെ കഞ്ഞിവെള്ളം ചേർത്ത് റൈസോബിയം കൾച്ചറുമായി കൂട്ടിയോചിപ്പിച്ചു വൃത്തിയുള്ള ചാക്കിൽ പരത്തി തണലത്തു ഉണക്കി ഉടനെ പാടത്തേക്കു വിതയ്ക്കുക. |